## മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

## ദൈവകൃപയാൽ

## കോട്ടയം മെത്രാസനഇടവകയുടെ

## യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായിൽ നിന്ന്

നമ്പർ : 11/2024

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും സഹ പട്ടക്കാരും ദേശത്തുപട്ടക്കാരും പള്ളിക്കൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

കർത്താവിൽ പ്രിയരെ,

പരിശുദ്ധ ത്രിത്വനാമത്തിൽ നാം നിങ്ങൾക്ക് സ്നേഹവന്ദനം ചൊല്ലുന്നു. പരിശുദ്ധ സഭയുടെ സാമ്പത്തിക വർഷം 2024 മാർച്ച് 31-ന് അവസാനിക്കുകയും പുതുവർഷം ഏപ്രിൽ 1-ന് ആരംഭിക്കുകയും ചെയ്യുന്നതിനാൽ താഴെപ്പറയുന്ന കാര്യങ്ങൾ നമ്മുടെ എല്ലാ ഇടവകകളിലും സമയ ബന്ധിതമായി നിർവ്വഹിക്കേണ്ടതാണ്.

1) ഇടവക മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ആദ്ധ്യാത്മികസംഘടനാ ഭാരവാഹികളും വികാരിമാരുടെ അദ്ധ്യക്ഷതയിൽ ഒരുമിച്ച് ചേർന്ന് കഴിഞ്ഞ ഒരു വർഷത്തെ ഇടവകയുടെ ആദ്ധ്യാത്മിക വളർച്ചയെ വിലയിരുത്തുകയും പുരോഗമന പദ്ധതികൾ രൂപപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കുകയും ടി റിപ്പോർട്ടിന്റെ ഒരു പകർപ്പ് നമ്മുടെ പേർക്ക് അയച്ചുതരുകയും ചെയ്യണം.

2) സഭാതലത്തിലും മെത്രാസനതലത്തിലും അടച്ചു തീർക്കേണ്ട വിഹിതങ്ങളായ കാതോലിക്കാദിനം, ഭദ്രാസനദിനം, മെത്രാസന വിഹിതം, വൈദിക സെമിനാരി, മിഷൻ സൺഡേ തുടങ്ങി എല്ലാ പിരിവുകളും 2024 മാർച്ച് 31-ന് മുമ്പ് അടച്ചുതീർക്കുവാൻ വികാരിമാരും കൈസ്ഥാനികളും പ്രത്യേകം ശ്രദ്ധിക്കണം.

3) ഇടവകയുടെ 2024-2025 സാമ്പത്തിക വർഷത്തിലേക്കുള്ള ഭരണസമിതി അംഗങ്ങളെ സഭാ ഭരണഘടനപ്രകാരം 2024 മാർച്ച് 20-ന് മുമ്പ് ഇടവകയോഗം വിളിച്ചുകൂട്ടി തെരഞ്ഞെടുക്കുകയും നമ്മുടെ അംഗീകാരത്തിനായി ഇടവകയോഗ മിനിറ്റ്സ് 2024 മാർച്ച് 20-ന് മുമ്പ് മെത്രാസന കേന്ദ്രത്തിലേക്ക് അയച്ചുതരുകയും ചെയ്യണം.

4) മദ്യപാനസ്വഭാവമുള്ളവരും, സ്വാർത്ഥമതികളും, ശണ്ഠകൂടുന്നവരും ഇടവക ഭരണസമിതികളിൽ പ്രവേശിക്കാതിരിക്കുന്നതാണ് ഉചിതം. സമർപ്പണമനോഭാവവും പ്രാർത്ഥനാജീവിതവും വികാരി മാരോട് ചേർന്ന് സഭാ ഭരണഘടനക്കും പാരമ്പര്യത്തിനും അനുസൃതമായി സേവനസന്നദ്ധതയോടെ പ്രവർത്തിക്കുന്നവരും തെരഞ്ഞെടുക്കപ്പെടുവാനായി പ്രത്യേകം ശ്രദ്ധിക്കണം. നമ്മുടെ ഇടവകകളോട് ചേർന്ന് നടത്തപ്പെടുന്ന സ്ഥാപനങ്ങളിലെ ഭരണസമിതികളിലേക്കും ഇടവക ഭരണസമിതികളിലേക്കും ഓരേ ആളുകൾ തന്നെ തെരഞ്ഞെടുക്കപ്പെടുന്നത് അനുചിതമായിരിക്കും. ഇടവക ഭരണസമിതികളിൽ തുടർച്ചയായി സേവനമനുഷ്ഠിക്കുന്നവർ പുതുമുഖങ്ങൾക്ക് അവസരം നൽകുന്നത് ഉചിതമായിരിക്കും. ഏതെങ്കിലും കാരണത്താൽ ഇടവകയോഗം നീട്ടിവയ്ക്കേണ്ടതായി വരുകയാണെങ്കിൽ പുതിയ സമയവും തീയതിയും നിശ്ചയിച്ചതിനുശേഷമേ നീട്ടിവയ്ക്കുവാൻ പാടുള്ളൂ.

5) പുതിയ സാമ്പത്തിക വർഷത്തെ ആദ്യ ഇടവകയോഗം 2024 മെയ് 15-ന് മുമ്പ് വിളിച്ചുകൂട്ടുകയും, 2023-2024 ലെ ഓഡിറ്റ് ചെയ്ത വരവുചെലവു കണക്കുകളും 2024-2025 ലെ ബജറ്റും പാസ്സാക്കി നമ്മുടെ അംഗീകാരത്തിനായി അയച്ചുതരുകയും ചെയ്യണം. സഭയുടെ ഓഫീസ് മുഖേന ഇൻകം

(മറുപുറം)

ടാക്സ് ഓഫീസിൽ സമർപ്പിക്കുന്നതിന് ഇടവകയോഗം പാസ്സാക്കിയ 2023-2024-ലെ വരവു ചെലവു കണക്കിന്റെ രണ്ട് പകർപ്പുകൾ 2024 മെയ് 15-ന് മുമ്പ് നമ്മുടെ ഓഫീസിലേക്ക് നിർബന്ധമായും അയച്ചുതരണം. ചർച്ച് അകൗണ്ട്സ് ഓഫീസിൽ നിന്നും ആവശ്യപ്പെട്ടതനുസരിച്ച് കോട്ടയം മെത്രാസനത്തിന്റെ ഓഡിറ്റേഴ്സ് പാനലിൽ ഉൾപ്പെടുത്തുവാൻ തെരെഞ്ഞെടുത്ത മൂന്ന് ചാർട്ടേഡ് അകൗണ്ട്മാരുടെ പേരും മേൽവിലാസവും ഇതോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്നു. ഇവരിൽ ഒരാളെ മാത്രമേ ഇടവകയുടെ External Auditor ആയി തെരഞ്ഞെടുക്കാവൂ എന്ന് നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1 Saju & Jose Chartered Accountants
IV/ 694K, Muppathiyil Building.
Kanjikuzhy, Muttambalam P.O., Kottayam. 686 004
Tel-0481-2573099, Mobile-9562216531
E-mail: sajuandjose@yahoo.com

2 George Varghese & Associates
Chartered Accountants
Ist Floor, Pulickal Trade Centre
Nagampadom, Kottayam -686 006
Tel 0481-2304782, Mobile-9349501340
E-mail: georgeca1999@gmail.com

3 CA Paul Varghese
Unnoonipaul and Associates
Chartered Accountants
M. DC Centre, K. K Road, Kottayam. 686 001
Mobile-9446500012, E-mail: paulvthoppil@gmail.com

ഇടവകയുടെ ഇന്റേണൽ ഓഡിറ്റേഴ്സ് നൽകുന്ന നിർദ്ദേശങ്ങൾ ആദ്യം ഇടവക മാനേജിംഗ് കമ്മറ്റിയിൽ ചർച്ച ചെയ്യുകയും വ്യക്തമായ പ്രതികരണങ്ങൾ തയ്യാറാക്കി ഇടവകയോഗത്തിൽ അവതരിപ്പിക്കുകയും ചെയ്യുന്നതാണ് ഉചിതം.

6) ആദ്ധ്യാത്മിക സംഘടനകളുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് ബജറ്റിൽ തുക നിർബന്ധമായും ഉൾക്കൊള്ളിക്കേണ്ടതാകുന്നു. യുവജനപ്രസ്ഥാനത്തിൽ പ്രവർത്തിക്കുന്നവരുടെ പ്രായപരിധി 40 വയസ്സു വരെ ആകയാൽ 40 വയസ്സുമുതൽ 60 വയസ്സുവരെയുള്ളവർക്കുവേണ്ടിയും 60 വയസ്സിനു മുകളിലുള്ളവർക്കുവേണ്ടിയും പ്രത്യേക കൂട്ടായ്മകൾ രൂപീകരിക്കുകയും വാർദ്ധക്യത്തിലേക്ക് എത്തുന്നവരുടെ പരിചരണത്തിനുവേണ്ടി ദേവാലയങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേക ക്രമീകരണങ്ങൾ ഉണ്ടാവുകയും ചെയ്യേണ്ടതാണ്. കൂടാതെ, 18 വയസ്സിനു മുകളിലുള്ള യുവതികൾ മർത്തമറിയം സമാജത്തിലും പ്രവർത്തിക്കേണ്ടതാണ്. സഭയുടെയും ഭദ്രാസനത്തിന്റെയും ഇടവകയുടെയും സമൂലവികസനം മുൻനിർത്തിയുള്ള തീരുമാനങ്ങൾ ഇടവകയോഗത്തിൽ ഉണ്ടാകുവാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് സ്നേഹപൂർവ്വം നാം അറിയിക്കുന്നു.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

Dioscoros

2024 ഫെബ്രുവരി 15-ാം തീയതി **ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ**
പാമ്പാടി മാർ കുറിയാക്കോസ്
ദയറായിൽനിന്ന്